8

# യേശുവിന്റെ ഭൗതിക വീക്ഷണം

നാം യേശുവിനെ ഒരു മനുഷ്യനായി കാണുമ്പോൾ, നമ്മെ പോലുള്ള ഒരാളായിട്ടാണ് നാം പരിഗണിക്കുന്നത്മനുഷ്യനാവുക എന്നാലെന്താണ്? ഇക്കാലത്തു അതിനുള്ള ഉത്തരം വിദൂരവും വിശാലവുമാണ്. അതുകൊണ്ട്, നാം ശ്രദ്ധിച്ചു മുന്നോട്ടു നീങ്ങണം. ബൈബിൾ നമ്മുടെ സഹായി ആ യി നാം എടുത്ത്, ആ ചാർട്ട് നോക്കി "നമ്മുടെ മനുഷ്യ ഘടകങ്ങൾ" നമ്മുടെ ചോദ്യത്തിന്റെ വ്യാപ്തി നമ്മുടെ മുന്നിലുണ്ട്.

ബൈബിളിലുള്ള വ്യക്തികളുടെ പ്രകൃതിയുമായി യോജിച്ചുള്ള രോഗ ചികിത്സയിലേക്ക്, ആധുനിക കാലത്തെ പുരോഗമന സമൂഹവുമായും മുന്നേറ്റം അവസാനം എത്തിച്ചേർന്നിരിക്കുന്നു. എബ്രായ സാഹിത്യവാക്കായ *നെഫേശ്* എന്നത് മനുഷ്യരെ ബഹുവചന സൂചകത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ വ്യാപകമായ രീതിയിൽ എൻ ഐ വിയിൽ 150 രീതികളിൽ തർജ്ജിമ ചെയ്തിട്ടുണ്ട്.[1] ഇതു ഗ്രീക്കു തത്വജ്ഞാനിയിൽ കാണുന്ന ദ്വിദീയ കാഴ്ച്ചപ്പാടിനു നേരെ എതിരാണ്. യേശുവിന്റെ ജീവിതവും മനുഷ്യുനെകുറിച്ചും, വ്യാപകമായ കാഴ്ച്ചപ്പാട് ചാർട്ടിൽ പറയുന്നതും നാം നോക്കും.

### യേശുവിന്റെ ശരീരം

മനുഷ്യശരീരത്തോടെയാണ് യേസു ലോകത്തിൽ വരുന്നത്. ആരോഗ്യവാനായ ഒരു ശിശുവിൽ നിന്നു പ്രതീക്ഷിക്കാവുന്ന എല്ലാ ഗുണങ്ങളും ഭൗതികമായി യേശുവിൽ ഉണ്ടായിരുന്നു. മറ്റെല്ലാ ജനനവും പോലെ, അവന്റെ ജനനവും പ്രതീക്ഷിച്ചിരുന്നു, അതു ഗർഭം ധരിച്ചു ഒമ്പതു മാസം കഴിഞ്ഞപ്പോൾ സംഭവിച്ചു. അവനെ സന്തോഷത്തോടെ കൈകൊണ്ടു വളർത്തി. എട്ടാം നാൾ ശക്തിയായി വളർന്നു. അവൻ ഉയരത്തിൽ വളർന്നു. പൂർണ്ണ വളർച്ചയെത്തിയ നന്നായി – വഴങ്ങുന്ന, പക്വതയുള്ളവനായി അവൻ വളർന്നു. ഏതാണ്ട് മുപ്പതാം വയസ്സിൽ, അവൻ തന്റെ ശരീരം ബന്ധുവായ യോഹന്നാൻ സ്നാപകനു യോർദ്ദാൻ നദിയിൽ സ്നാനമേല്ക്കുവാൻ കീഴ്പ്പെടുത്തി (ലൂക്കൊസ് 2:4–7, 21, 40, 51, 52; 3:23; മത്തായി 3:13–15).

തന്റെ വ്യക്തിപരമായ ശുശ്രൂഷാ സമയത്ത്, നമുക്കു സുപനിച്ചിതമായ നിലയിൽ അവൻ ഭൗതികമായ സ്വാധീനത്തിനു

തന്നെത്തന്നെ കീഴ്പ്പെടുത്തി. അവൻ ക്ഷീണിക്കുകയും, അവന്നു ദാഹിക്കയും ചെയ്തു. കൃത്യമായും, യേശുവിന്റെ യാത്രയിൽ അധികവും കാൽ നടയായിരുന്നു. തന്റെ ഒരു വഴി നടന്ന സമയം അവൻ ക്ഷീണിക്കുകയും വെള്ളം കുടിക്കുവാൻ ആഗ്രഹിക്കയും ചെയ്തു. ശമര്യയിലെ സുഖാർ എന്ന ഗ്രാമത്തിൽ യാക്കൊബിന്റെ കിണറ്റിനരികിൽ യേശു എത്തിയപ്പോൾ നട്ടുച്ചയായിരുന്നു. അവൻ നടപ്പുനിർത്തി ദാഹശമനത്തിനായി കാണുന്നു. അവസാനം ഗ്രാമത്തിലെ ഒരു സ്ത്രീ ഗ്രാമത്തിൽ നിന്നു വെള്ളം കോരുവാൻ ആഗ്രഹിക്കയും ചെയ്തു. ശമര്യയിലെ സുഖാർ എന്ന ഗ്രാമത്തിൽ യാക്കൊബിന്റെ കിണറ്റിനരികിൽ യേശു എത്തിയപ്പോൾ നട്ടുച്ചയായിരുന്നു. അവൻ നടപ്പുനിർത്തി ദാഹശമനത്തിനായി കാത്തിരുന്നു. അവസാനം ഗ്രാമത്തിലെ ഒരു സ്ത്രീ ഗ്രാമത്തിൽ നിന്നു വെള്ളം കോരുവാൻ വന്നു. യെഹൂദന്മാർ തങ്ങി നിന്നു വന്നപ്പോൾ, അവൾക്കു അതിശയമായി (യോഹന്നാൻ 4:7).

യേശുവിന്റെ ജീവിതത്തിലെ ഈ സംഭവം യോഹന്നാന്റെ പുസ്തകത്തിൽ മാത്രമെ ഇതു പറയുന്നുള്ളു എങ്കിലും, യേശുവിന്റെ ജീവിതത്തിലെ സുപരിചിതമായതെല്ലാം ശമര്യക്കാരിയോടും, സമര്യക്കാരിയോടും മനോഗരമായി ഉപദേശിക്കയും. ക്ഷീണിച്ചും ദാഹിച്ചും ഇരുന്ന ഒരാൾ ശമരിയക്കാരെ നാം അത്തരത്തിൽ പഠിപ്പിക്കുന്നതു കാണുമ്പോൾ അവനെ ഒരു പ്രവാചകൻ ആയോ, അല്ലെങ്കിൽ മശിഹയായോ കാണുന്നു. അതു നമ്മിലേക്കു അവന്റെ പേർ, '*യേശുവാ*' (യേശു = രക്ഷകൻ എന്ന എബ്രായവാക്ക്) പ്രത്യക്ഷമാക്കുന്നു, അത് നമ്മെ അത്ഭുതപ്പെടുത്തുന്നു, യോശുവാ (യോശുവാ = ദൈവം രക്ഷിക്കുന്നു) എന്നതിന്റെ എബ്രായ വാക്ക്, അതായിരുന്നു പണ്ടു എബ്രായർക്കു ലഭിച്ച അർത്ഥം (യോഹന്നാൻ 4:4-42).

മനുഷ്യ കുടുംബങ്ങളിൽ പൊതുവെ കാണാറുള്ള അസുഖകരമായ രണ്ടു കാര്യങ്ങളാണ് വേദനയും മരണവും. നാം വിശ്വസതരാണെങ്കിൽ, ദൈവഭവനത്തിലെ അംഗങ്ങൾ, സഭ ആയി നാം കഷ്ടം സഹിക്കണം എന്നു ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട്. കൂടാതെ, കർത്താവു ആദ്യം വന്നില്ലെങ്കിൽ മരണം നിശ്ചയിച്ചിരിക്കുന്നു എന്നു നമ്മോടു അരുളിച്ചെയ്തിരിക്കുന്നു (എബ്രായർ 9:27).

നാം ദൈവ വചനം വായിക്കുമ്പോൾ, ഈ രണ്ടു അനുഭവങ്ങളിൽ എന്നു യേശുവും ഒഴിവുള്ളവനായിരുന്നില്ല എന്നു കാണാം. ഈ രണ്ടു മാനുഷിക അടയാളങ്ങൾ അനുഭവിച്ചവർക്കെല്ലാം അവൻ മുൻപന്തിയിൽ നിലക്കുന്നതായി നന്നായി വായിച്ചാൽ മനസ്സിലാകും. ജന്തുവിജ്ഞാനസംബന്ധമായി നോക്കിയാൽ, ഗദ്ശമന തോട്ടത്തിൽ വെച്ചു അവൻ അനുഭവിച്ച വേദന, ശരീരത്തിൽ നിന്നു വിയർപ്പു രക്ത്തുള്ളികൾ പോലെ ഒഴുകുന്നത്ര വലുതായിരുന്നു. എത്ര തീവ്രമായിരുന്നു! (1 പത്രൊസ് 4:12-16; ലൂക്കൊസ് 22:44).

യേശുവിന്റെ ക്രൂശലെ മരണം, തീർച്ചയായും, മനുഷ്യചരിത്രത്തിലെ നിർണ്ണായക നിമിഷമായിരുന്നു. ഈ സംഭവവും, തുടർന്നുണ്ടായ ഉയിർത്തെഴുന്നേല്പും, നമ്മുടെ ലക്ഷ്യസ്ഥാനം നിർണ്ണയിക്കുന്നതാണ്.

ക്രൂശിൽ കേന്ദ്രീകരിച്ചു കൊണ്ടാണ് നമ്മുടെ ബി.സി. യും ഏ.ഡി.യും ആണെന്നു നാം സമ്മതിക്കണം കാലത്തിന്റെ മേഖലകളെല്ലാം നീക്കം ചെയ്യുന്നതാണ്, സംഭവത്തിന്റെ മുൻപും പിൻപും അവൻ മരിച്ച ശേഷം, അവന്റെ മൃതദേഹം ക്രൂശിൽ നിന്നു നീക്കി, പെട്ടെന്നു ഒരു കല്ലറയിൽ, അടക്കത്തിനു ഏർപ്പാടാക്കി (മത്തായി 27:50; യോഹന്നാൻ 19:28, 30; ലൂക്കൊസ് 23:46, 50–53).

### യേശുവിന്റെ വികാരങ്ങൾ

നമുക്കു ബന്ധപ്പെടുവാനായി യേശു വികാരങ്ങൾ പ്രകടിപ്പിച്ചു. നാമും, അവനും മനുഷ്യനായതു കൊണ്ട് ഈ ബന്ധത്തിൽ അതിശയിക്കുവാനില്ല. നാം മനുഷ്യരല്ലെങ്കിലേ അതിൽ അതിശയിക്കുവാനൊക്കു. എങ്ങനെയായാലും, അവന്റെ ദൈവികത്വത്തിന്റെ ഉദാഹരണം അല്ലെങ്കിൽ ചില പ്രത്യേക ഉപദേശങ്ങൾ നാം അവന്റെ മനുഷത്വത്തിന്റെ പരിശോധിക്കുമ്പോൾ വായിക്കുവാൻ എളുപ്പമാണ്. ഒരു മനുഷ്യനായി യേശു പ്രകടിപ്പിച്ച വികാരങ്ങളുടെ ഉദാഹരണങ്ങൾ താഴെ കൊടുത്തിരിക്കുന്നതു നമുക്കു പരിശോധിക്കാം. അങ്ങെ നാം അവനുമായി അടുക്കും.

#### അവന്റെ സ്നേഹം

സ്നേഹം ആദ്യം വരുന്നതുകൊണ്ടാണ് നാം സ്നേഹത്തെ ആദ്യം നോക്കുന്നത് മനുഷ്യരെ സ്നേഹമായ, ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിച്ചതുകൊണ്ടാണ് മനുഷ്യരിൽ വാസ്തവത്തിലുള്ള സ്നേഹം ഉയർന്ന പ്രകടനമായി കാണുന്നത് ദൈവത്തിന്റെ സൃഷ്ടിക്കപ്പെട്ട ജീവിത രീതികളുടെ ഉയർന്ന സ്ഥാനമാണ് അഗാധമായ സ്നേഹ പ്രകടനത്തിനുള്ളത്. ആ കഴിവു കൂടാതെ, നമുക്കു പൂർണ്ണ മനുഷ്യരാവാൻ സാധ്യമല്ല.

നിത്യജീവനെ കുറിച്ചുള്ള ചില ചോദ്യങ്ങളുമായി ഒരു ധനികർ യേശുവിനെ സമീപിച്ചു. യേശുവിനു ഇതായിരുന്നു നല്കുവാനുണ്ടായിരുന്നതു എന്തുകൊണ്ട് ആ മനുഷ്യൻ യേശുവിനെ സമീപിച്ചതിൽ നമുക്ക് അവനെ അനുമോദിക്കാം, ആ കൈമാറിയ പ്രസ്താവനയിലെ പ്രകാശിപ്പിക്കുന്ന പ്രാധാന്യം നമുക്കു കാണാം. "യേശു അവനെ നോക്കി, അവനെ *സ്നേഹിച്ചു*" (മർക്കൊസ് 10:21; എംഫസിസ് മൈൻ; കൂടാതെ 1 യോഹന്നാൻ 4:8; യോഹന്നാൻ 11:5).

നിന്റെ ഗലീലാ ശുശ്രൂഷാവേളയിൽ യേശു, പന്ത്രണ്ടു പുരുഷന്മാരെ അപ്പൊസ്തലന്മാരായി തിരഞ്ഞെടുത്തു. ആ സമയം മുതൽ, അവരുടെ ഉപദേശവും പരിശീലനവും അവന്റെ പ്രകാശിപ്പിക്കയും, അച്ചടക്കമുള്ളവരാക്കുകയും, പോറ്റിപുലർത്തുകയും ചെയ്യുവാൻ അവൻ അത്ഭുതാവഹമായ ക്ഷമ കാണിച്ചിരുന്നു യേശു തന്റെ "സമയ വിവരപ്പട്ടിക" യുടെ അവസാന മെത്തിയപ്പോൾ തന്റെ പ്രവൃത്തി പിൻപറ്റുവാൻ, അന്തിമ ലക്ഷ്യം തിരുവെഴുത്തു പറയുന്നത് പതിനൊന്നു പുരുഷന്മാരുടെ ജീവിതത്തെ മെനഞ്ഞു അവർ രക്തസാക്ഷികളാവുന്നോടത്തോളം രക്ഷിക്കുന്ന സുവിശേഷ സന്ദേശം

പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്നു. ആ അവാസന പെസ്സഹാ പെരുന്നാൾ അടുത്തപ്പോൾ, യോഹന്നാൻ യേശുവിനെ കുറിച്ചു എഴുതി, "ലോകത്തിൽ തനിക്കുള്ളവരെ സ്നേഹിച്ചതുപോലെ അവസാനത്തോളം അവരെ സ്നേഹിച്ചു'' (യോഹന്നാൻ 13:1; എൻ ഐ വി). തന്റെ സ്നേഹത്തിന്റെ വ്യാപ്തി എത്രത്തോളം ആയിരുന്നു? ഗദ്ശമനെ തോട്ടത്തിലെ അവന്റെ *വേദനയും* ക്രൂശിലെ മരണവും നാം കണ്ടു. "തന്റെ ഏകജാതനെ നല്കുവാന്തക്കവണ്ണം സ്നേഹിച്ച സ്നേഹം ..." ആയിരുന്നു അത് (യോഹന്നാൻ 3:16; എംഫസിസ് മൈൻ). യേശുവിന്റെ മരണത്തിൽ ''തന്റെ സ്നേഹത്തിന്റെ മുഴുവൻ വ്യാപ്തിയും പ്രദർസിപ്പിച്ചു." ലോകം കണ്ടതിൽ വെച്ചേറ്റവും വലിയ മനുഷ്യ സ്നേഹമായിരുന്നു യേശുവിന്റെ ക്രൂശിലെ മരണം, കാരണം പിതാവായ ദൈവത്തിന്റെ തികെഞ്ഞ സ്നേഹപ്രകടനമായിരുന്നു അത്.

തികഞ്ഞ സ്നേഹം പെരുകുമ്പോൾ, എല്ലാം കൊണ്ടും സന്തോഷിക്കാം. യേശു സ്നേഹത്തെയും സന്തോഷത്തെയും ഒരുമിച്ചാണ് സംസാരിച്ചത്. തിരഞ്ഞെടുത്ത തന്റെ അപ്പൊസ്തലന്മാരോടു അവൻ പറഞ്ഞു, "എന്റെ *സന്തോഷം* നിങ്ങളിൽ ഇരിപ്പാനും നിങ്ങളുടെ സന്തോഷം പൂർണ്ണമാക്കുവാനും ഞാൻ ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചിരിക്കുന്നതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്നാകുന്നു എന്റെ കല്പന" (യോഹന്നാൻ 15:9–12; എംഫസിസ് മൈൻ). യേശു തന്റെ ജീവിതത്തിൽ സ്നേഹവും സന്തോഷവും പ്രകടിപ്പിച്ചു. അവൻ അതിലും കൂടുതൽ ചെയ്തു. അവൻ സ്നേഹത്തിനും സന്തോഷത്തിനും അവയുടെ അവസാന അർത്ഥം നല്കി.

**അവന്റെ മനസ്സലിവു**

മനുഷ്യ സ്വഭാവ ഗുണങ്ങളിൽ ഏറ്റവും സ്നേഹം ജനിപ്പിക്കുന്ന ഒന്നാണ് മനസ്സലിവു. അതു നമ്മിൽ നിന്നു പുറത്തേക്കു കടക്കുന്ന മനുഷ്യത്വ ഭാവമാണ്. അർത്ഥവത്തായ ബന്ധങ്ങൾ വളർത്തിയെടുക്കുന്ന കല്ലടവുകളാണ് മനസ്സലിവു. നമ്മുടെ ജീവിതത്തിൽ മനസ്സലിവു ഉണ്ടാകേണ്ടതും അതിനാൽ എങ്ങനെ അവനെ സേവിക്കുന്നു എന്നു യേശു ഊന്നി പറയുന്നുണ്ട്. അവൻ വിശക്കുന്നവനു ആഹാരം കൊടുക്കുന്നതും, ദാഹിക്കുന്നവനു കുടിപ്പാൻ കൊടുക്കുന്നതും, അതിഥികളെ സൽക്കരിക്കുന്നതും, നഗ്നരെ ഉടുപ്പിക്കുന്നതും, തടവിലുള്ളവരെ സന്ദർശിക്കുന്നതും ആവശ്യമാണെന്ന് അവൻ പറഞ്ഞു. അത്തരം പ്രവൃത്തികൾ, തനിക്കു ചെയ്യുന്നതായി യേശു പറഞ്ഞു. നേരെ മറിച്ചു, ഹൃദയ കാഠിന്യമുള്ളവർക്കു മോശമായ അന്ത്യമായിരിക്കും (മത്തായി 25:34–46).

യേശുവിന്റെ വ്യക്തിപരമായ ശുശ്രൂഷയുടെ മുഖമുദ്രയായിരുന്നു മനസ്സലിവു. കുഷ്ഠം പിടിച്ച ഒരു മനുഷ്യനെ യേശു കണ്ടിട്ടു അവനോടു മനസ്സലിവുണ്ടായി. വലിയ പുരുഷാരത്തിൽ അനവധി രോഗികളെ കണ്ടിട്ടു, അവനു അവരോടു മനസ്സലിവു ഉണ്ടായി. വേറെയും ബുദ്ധിമുട്ടിലും, നിരാശയലും, അലഞ്ഞു തിരിയുന്നവരോട് അവനു

മനസ്സലിവു ഉണ്ടായി. മനസ്സലിവു കൂടാതെ അവന്റെ ശുശ്രൂഷയെ ഓർക്കാൻ പോലും സാധ്യമല്ല.

മനസ്സലിവിനെ ''മറ്റൊരാളുടേയോ അല്ലെങ്കിൽ ഒന്നിലധികം പേരുടേയോ ദുഃഖാവസ്ഥയിൽ ആത്മീയ ബോധം ഉണ്ടാവുകയും അതിനോടു മൃദുവായി പ്രതികരിക്കയും ചെയ്യുക'' എന്നു നിർവ്വചിച്ചിട്ടുണ്ട്. "ആഹാരത്തിനു ജോലി ചെയ്യും" എന്ന് എഴുതിയ കാർഡ് ബോഡ് പിടിച്ച് റോഡ് സൈഡിൽ നില്ക്കുന്ന വൃത്തിയില്ലാത്ത ആളെ നിങ്ങൾ ഓടിച്ചു കളഞ്ഞിട്ടുണ്ടോ? ടിവി വാർത്തകളിൽ, *മനുഷ്യത്വരഹിതവും* ബുദ്ധിശൂന്യമായ യുദ്ധത്തിൽ, കൊല്ലപ്പെട്ട കുഞ്ഞിന്റെ ജഡം എത്തിപ്പിടിച്ചു ഉന്മാദത്തോടെ നില്കുന്ന അമ്മായ കാണുമ്പോൾ - ''അനുകമ്പാർഹമാവും'' അത്തരം ദുരന്തത്തിലാക്കുന്നവരോടു നമുക്കു "വിഷമം തോന്നും" കാരണം നാം മനുഷ്യരാണ് യേശുവിനും ഈ വികാരങ്ങൾ ഉണ്ടായിരുന്നു, പക്ഷെ അവൻ അതിലും അധികമായി ചെയ്തു. അവൻ മറ്റുള്ളവരുടെ വേദനയും, കഷ്ടവും ലഘൂകരിച്ചു. അവൻ മനുഷ്യനായി ജീവിച്ചപ്പോൾ തന്റെ മനുഷ്യത്വം പുറത്തു വന്നു (മർക്കൊസ് 1:40, 41; 6:34; മത്തായി 9:36; 14:14).

**അവന്റെ കോപം**

വിരോധഭാസമെന്ന നിലയിൽ, യേശുവിന്റെ മനസ്സലിവും കോപവും ചേർന്നു നിന്നിരുന്നു. അവന്റെ കോപം തന്നെ ചെറുതാക്കിയവരും, പരിഹസിച്ചവരും, മുറിവേല്പിച്ചവരോടും ആയിരുന്നില്ല അതു മനസ്സലിയുവാനും ഇല്ലാത്തവരായ ഹൃദയമുള്ളവർ അവൻ അംഗവൈകല്യമുള്ളവരോടു മനസ്സലിവു കാണിച്ചപ്പോൾ അവൻ മതപരമായ പ്രമാണം ലംഘിച്ചുവെന്നു പറഞ്ഞവരോടായിരുന്നു. ഉദാഹരണമായി, ശബ്ബത്തു നാളിൽ, പള്ളിയിൽ വെച്ചു വരണ്ട കയ്യുള്ള മനുഷ്യനെ യേശു കണ്ടിട്ടു അവനോട് സദസ്സിൽ നില്കുവാൻ പറഞ്ഞു. പിന്നെ യേശു അവരോടു, ഫലത്തിൽ, ചോദിച്ചതു ഈ മനുഷ്യനെ ശബ്ബത്തിൽ സൗഖ്യമാക്കുന്നതു വിഹിതമോ എന്നാണ്. അവർ ഉത്തരം ഒന്നും പറയാതിരുന്നതുകൊണ്ട്, അവൻ അവരെ നോക്കി, "അവരുടെ ഹൃദയ കാഠിന്യം നിമിത്തം അവൻ ദു:ഖിച്ചുകൊണ്ട് കോപത്തോടെ നോക്കി,......" (മർക്കൊസ് 3:1-6). അവൻ കോപിക്കുവാൻ കാരണം ആ മതപരമായ ആളുകളിൽ മനസ്സലിവിനു സ്ഥാനമില്ലായിരുന്നു. അവർ തെറ്റും അവൻ ശരിയും ആയിരുന്നു. അവരുടെ ഹൃദയങ്ങൾ കഠിനപ്പെട്ടിരുന്നു. അവന്റേതു മനസ്സലിവുള്ളതായിരുന്നു.

**അവന്റെ ഉൽക്കണ്ഠ**

യേശുവിന്റെ വാസ്തവത്തിലുള്ള മനുഷ്യത്വത്തെ കാണിക്കുന്ന ചില ഖണ്ഡിതമായ തെളിവുകൾ അവന്റെ ഉൽക്കണ്ഠയിൽ കാണാം. യേശുവിന്റെ മനുഷത്വം "വ്യക്തിപരമായിരുന്നില്ല" എന്ന വാദത്തെ നാം നിഷേധിക്കുന്നു; അതായതു, വ്യക്തിയിൽ നിന്നു വേർപെടുത്തുക, ഈ കാഴ്ചപ്പാട് എടുത്തിരിക്കുന്നവർ യേശുവിന്റെ ജീവിതത്തിൽ, അന്തർലീനമായിരിക്കുന്ന പരിമിതകളെ കാണുന്നില്ലാ തീർച്ചയായും,

അവന്റെ ഉൾക്കണ്ഠ മനുഷ്യനാക്കുക എന്നാൽ പരിമിതിയുള്ളവനാകുക എന്നാണെന്നു മിക്കവരും സമ്മതിച്ചു. യേശുവിന്റെ ഈ ഗുണത്തെ എടുത്തു കളയുന്നവർ, അവനെ നിഷേധിക്കയോ അവനെ അവന്റെ വാസ്തവത്തിലെ മനുഷ്യത്വത്തെയും പരിമിതപ്പെടുത്തുകയാണ്.

ജീവിതത്തിന്റെ എല്ലാവശങ്ങളിലും ഉൽക്കണ്ഠ കാണപ്പെടുന്നുണ്ട്. "എന്താണ് ഉച്ചക്കു കഴിക്കുവാൻ?" എന്നതു സാധാരണ രീതിയിലുള്ള ഉൽക്കണ്ഠയാണ്. "ജീവിതത്തിന്റെ അർത്ഥം" എന്നാണ് എന്നതു സുപ്രധാനമായ ഒരു ചോദ്യമാണ്. "നിസ്സാര കാര്യങ്ങൾ" എന്നു നാം പറയാവുള്ളവയിൽ ആയിരുന്നു യേശുവിന്റെ ഉൽക്കണ്ഠ അധികവും എന്നു തോന്നുന്നു. അതു സുവിശേഷ എഴുത്തുകാരും അവൻ തീർച്ചയായും മനുഷ്യനായിരുന്നു എന്നു *ബോധ്യപ്പെടുത്തുകയാണ്.*

ഒരവസരത്തിൽ, യേശു അയ്യായിരം പുരുഷന്മാരെയും, കൂടാതെ വേറെ സ്ത്രീകളെയും കുട്ടികളെയും പോഷിപ്പിക്കയുണ്ടായി. അവൻ അവർക്കു ഭക്ഷണം കൊടുക്കുന്നതിനു മുൻപു അവൻ "നിങ്ങൾക്കു എത്ര അപ്പം ഉണ്ട് എന്ന്, ചെന്നു നോക്കുവിൻ എന്നു പറഞ്ഞു!" (മർക്കൊസ് 6:35–38). എന്തുകൊണ്ടാണ് അവൻ ഈ ചോദ്യം ചോദിച്ചത്? അവൻ അപ്പൊസ്തലന്മാരെ പ്രീതിപ്പെടുത്തുവാനാണോ ചോദിച്ചത്? അങ്ങനെ എങ്കിൽ, അവനു നിങ്ങൾ പുരുഷാരത്തിലേക്കു ചെല്ലുക, "അവിടെ നിങ്ങൾ അഞ്ചു അപ്പവും രണ്ടു മീന്നു കാണും എന്നു പറയുവാൻ കഴിയുമായിരുന്നു.'' അതു ജനക്കൂട്ടത്തെ പ്രീതിപ്പെടുത്തുവാനായിരുന്നോ? അപ്പൊസ്തലന്മാരോടു ചോദിച്ച ചോദ്യം ജനക്കൂട്ടം കേട്ടിരിക്കാമെന്ന സൂചനയില്ല. എന്തിനാണ് അപ്പൊസ്തലന്മാരോട് ചോദിച്ചത്? അവൻ മനുഷ്യനായതുകൊണ്ട് ലേഖകൻ "മനുഷ്യനാക്കുമ്പോൾ" എന്തുകൊണ്ട് "ആത്മിയനാക്കി?"

ഏറ്റവും അതിശയകരമായ യേശുവിന്റെ ചോദ്യങ്ങളിൽ ഒന്നായിരുന്നു, ലാസറിന്റേയും മാർത്തയുടേയും സഹോദരി മറിയോടു യേശു ചോദിച്ചത്. ലാസർ മരിക്കയും അവനെ അടക്കുകയും ചെയ്തു. അവരുടെ സ്വദേശമായ ബേഥാന്യയിൽ നിന്നു, വളരെ യേശു അകലെയായിരുന്നു അപ്പോൾ യേശു അവൻ മരിക്കുന്നതിനു മുൻപു ദീനമായി കിടന്നതു യേശു അറിഞ്ഞിരുന്നു എങ്കിലും, യേശു അവിടെത്തന്നെ ആയിരുന്നു. പിന്നെ അവൻ ശിഷ്യന്മാരോട് ലാസർ മരിച്ചുപോയി എന്നു പറഞ്ഞു അവർ എല്ലാവരും ബേഥാന്യയിലേക്കു മടങ്ങിച്ചെന്നു. യേശു വീട്ടിലേക്കു പ്രവേശിക്കുന്നതിനു മുൻപു മാർത്ത അവനെ എതിരേല്ക്കുവാൻ ചെല്ലുകയും അവൾ ആശ്വസിപ്പിക്കപ്പെടുകയും ചെയ്തു. പിന്നെ അവൾ ഓടിച്ചെന്നു മറിയയോടു യേശു വന്നിട്ടുണ്ടെന്നും അവളെ കാണുവാൻ ആഗ്രഹിക്കുന്നു എന്നും പറഞ്ഞു. അവളുടെ ദു:ഖവും അവളോടു കൂടെ ഉണ്ടായിരുന്നവരുടെ ദു:ഖവും യേശു കണ്ടു അവനു വിഷമമുണ്ടായി. പിന്നെ അവൻ, "എവിടെ ആകുന്നു അവനെ വെച്ചത്" എന്നു ചോദിച്ചു (യോഹന്നാൻ 11:34). അവൻ കല്ലറയിൽ എത്തിയപ്പോൾ, അവൻ "*കണ്ണുനീർ വാർത്തു*" എന്നു നമ്മോടു പറഞ്ഞിരിക്കുന്നു (യോഹന്നാൻ 11:35; എംഫസിസ് മൈൻ). എന്തൊരു മനസ്സലിവു! എന്തൊരു സ്നേഹം!

എന്തൊരു താരതമ്യസഹായ കഴിവു! എന്തു മനുഷ്യത്വം! "സുവിശേഷ ഭാഗങ്ങളിലെല്ലാം യേശുവിന്റെ അവന്റെ [യേശു] മൃദു സ്വഭാവം വിവരിച്ചിട്ടുണ്ട്, 'യേശു കണ്ണുനീർ വാർത്തു'"[2] ഇതിനു നമുക്കു "ആമേൻ!" എന്നു പറയാം, "നിങ്ങൾ അവനെ വെച്ചത് എവിടെ?" എന്ന ഒരുകുട്ടിയുടെ നഷ്ക്കളങ്കതയോടെ യായിരുന്നു ചോദ്യം, എങ്ങനെയായാലും, ആ വിലയേറിയ വേദഭാഗത്ത് അവന്റെ മനുഷ്യത്വസൂചന പ്രകാശിക്കുന്നു (യോഹന്നാൻ 11:1–36).


താൻ വാസ്തവത്തിലുള്ള മനുഷ്യൻ ആണെന്നു തന്റെ ശരീരത്താലും വികാരങ്ങളായും അവൻ തെളിയിച്ചു കൊടുത്തു. ''വ്യക്തിപരമല്ലാത്ത'' ഒന്നും യേശുവിന്റെ മനുഷ്യത്വത്തെ പറ്റി പറയുവാനില്ല. അവന്റെ മനുഷ്യത്വം എന്നതു ബുദ്ധപരമാ മുഖപ്പ് ആയിരുന്നില്ല. അതു അവന്റെ ദൈവികത്വം പോലെ യാഥാർത്ഥ്യവും സത്യവുമാകുന്നു.

---

കുറിപ്പുകൾ

[1]എഡ്വേഡ് ഡബ്ലിയു. ഗ്യസ്റിക് ആന്റ് ജോൺ ആർ. കോളെൻജെർ കകക, എഡ്സ്, *ദ എൻ ഐ വി എക്സോ സ്റ്റിക് കൺകോഡന്റ്സ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്.: സോണ്ടർവാൻ, 1990), 1546–47. [2]വിൽഫെർട്ട് എഫ്. ഹോവാർഡ്, *ദ ഇന്റർ പ്രെട്ടേഴ്സ് ബൈബിൾ*, ഇഡി., ജോർജ് അർതർ ബട്ട്രിക്ക് (ന്യൂയോർക്ക്: അബിക്ഡൻ പ്രെസ്, 1952), 8:646.

© 2009 Truth for Today




© 2009 Truth for Today